**<u>തദ്ദേശ സ്വയംഭരണ വകുപ്പ് സിറ്റിസൺ അസിസ്റ്റന്റ്-സ്ഥിരം അദാലത്ത് സംവിധാനം-ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം-1) യുടെ നടപടി ക്രമം</u>**

**( ഹാജർ : രാജേഷ്.വി.എസ് )**

പരാമർശം:-ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് ശ്രീ.രഘു.സി.ജി 23.05.2023 ൽ നൽകിയ പരാതി.

**ഉത്തരവ് നമ്പർ : IVOC2-9847/2023** (1) **തീയതി :** 23/11/**2023**

ബേയ്സ്മെന്റ് ഫ്ളോർ 28.08 ച.മീറ്റർ, ഭൂനില 28.08 ച.മീറ്റർ വാണിജ്യ കെട്ടിടത്തിന് 26.07.2008 ൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സി.ജി.രഘുവിന് നിർമ്മാണാനുമതി നൽകിയിരുന്നു. പണി പൂർത്തീകരിച്ച കടമുറികൾക്ക് കെട്ടിട നമ്പറുകൾ അനുവദിച്ച തരണമെന്നുള്ളതാണ് പരാമർശത്തിൽ അപേക്ഷിച്ചിട്ടുള്ളത്. അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിചലിച്ചുള്ള ഈ നിർമ്മാണം വകുപ്പ് 220(b), 2019 ലെ കെ.പി.ബി.ആർ 4(2), 23(1), 23(2) പട്ടിക 3, 26(4) പട്ടിക 4, 26(10) ഖണ്ഡിക 3, 27(2) പട്ടിക 6, 29(2), 29(5), 35(2), 42, 76 ലംഘിക്കുന്നു.

17.06.2015 ൽ താൻ " I have requested only for approval of the Ground Floor Plan and the Panchayat was sanctioned in accordance with it. Now I am preparing to build the First Floor in the enlarged Ground Floor. Hence I request sanction order may kindly be issued in accord with revised plan that I had already submitted without delay" എന്ന അപേക്ഷ **Request for Sanction - Received - Building Plan - Reg** എന്ന വിഷയത്തിൽ നൽകിയിരുന്നുവെന്ന് പരാതിക്കാരൻ പറയുന്നു. 18.06.2015 ൽ സെക്രട്ടറി 26.07.2008 ൽ നൽകിയ **A3-450/95/08-09 പെർമിറ്റ്** 25.07.2017 വരെ പുതുക്കി നൽകുകയാണ് ചെയ്തിട്ടുള്ളത്.

25.02.2023 ൽ 30 ദിവസത്തിനകം നിർമ്മാണം ക്രമവത്ക്കരിച്ചില്ലെങ്കിൽ അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിരുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 16.05.2023 ലെ 6(1) തീരുമാന പ്രകാരം അനധികൃതമായി നിർമ്മിച്ച പ്രസ്തുത കെട്ടിടഭാഗം പൊളിച്ചു നീക്കം ചെയ്യുന്നതിന് തീരുമാനിച്ചതിന് ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ 10.07.2023 ൽ സ്റ്റേ ഉത്തരവ് നൽകിയിട്ടുണ്ട്.

സ്ഥലപരിശോധനയിലും ഹിയറിംഗിലും ശ്രീ.സി.ജി.രഘു പറയുന്നത് 17.06.2015 ലെ തന്റെ പുതുക്കിയ പ്ലാനിന്റെ അംഗീകാരത്തിനായുള്ള അപേക്ഷയിൻമേലാണ് 18.06.2015 ൽ നിർമ്മാണാനുമതി പുതുക്കി നൽകിയെന്നാണ്. പുതുക്കിയ പ്ലാൻ അംഗീകാരത്തിനായുള്ള അപേക്ഷ കെട്ടിട നിർമ്മാണാനുമതി അപേക്ഷയായിട്ടാണ് പരിഗണിക്കേണ്ടത്. 18.06.2015 ൽ സെക്രട്ടറി 26.07.2008 ലെ നിർമ്മാണാനുമതി പുതുക്കി നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നതിനാൽ പരാതിക്കാരന്റെ ഈ വാദം അംഗീകരിക്കാൻ കഴിയുന്നില്ല. ആകയാൽ പരാമർശം അപേക്ഷ അദാലത്ത് നിരസിച്ചു തീരുമാനിച്ച വിവരം അറിയിക്കുന്നു.

**രാജേഷ്.വി.എസ്**
**കൺവീനർ**
**തദ്ദേശസ്വയംഭരണ വകുപ്പ് ഉപജില്ലാതല**
**അദാലത്ത് സമിതി (സിറ്റിസൺ അസിസ്റ്റന്റ്**
**സ്ഥിരം അദാലത്ത് സംവിധാനം)**
**എറണാകുളം**